## സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി - 3**

27/02/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി -3 ന്റെ യോഗ മിനിറ്റ്സ്

പങ്കെടുത്തവർ

1. രാഗിമോൾ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ,പത്തനംതിട്ട
2. വിനോദ് എസ് , അസി.എസ്ക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD പറക്കോട് ബ്ലോക്ക് പഞ്ചായത്ത്
3. ഗീത കെ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 ,ടൗൺപ്ലാനിംഗ് ഓഫീസ് ,പത്തനംതിട്ട

പരിഗണിച്ച വിഷയം - കെട്ടിടം നമ്പർ അനുവദിക്കുന്നതു സംബന്ധിച്ച്

അദാലത്ത് തീർപ്പ്

ശ്രീ സഞ്ജീവ് ഗംഗാധരൻ കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിച്ചു. കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ള പ്രവാസിയായ ശ്രീ സഞ്ജീവ് ഗംഗാധരൻ 1998 ൽ കലഞ്ഞൂർ കടുത്ത ജംഗ്ഷനിൽ മൂന്ന് കടമുറികൾ നിർമ്മിച്ച് പഞ്ചായത്തിൽ നിന്നും 03-541/C,541/D,541/E എന്നീ നമ്പറുകൾ ഇട്ടിരുന്നുവെന്നും 2019 ൽ നാട്ടിൽ വരുമ്പോൾ 16 ആം വാർഡായി മാറിയിരുന്നുവെന്നും പറയുന്നു.കരം അടയ്ക്കാൻ പോയപ്പോൾ ഒരു മുറിക്ക് 16/97 നമ്പർ മാത്രമേ നിലവിലുള്ളൂവെന്നും കെട്ടിടത്തിന്റെ പ്ലാൻ വരച്ച് 03.05.2019 ൽ അപേക്ഷ നൽകുകയും XVI/981, XVI/982 എന്നീ നമ്പർ അനുവദിച്ചുവെന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി വൈദ്യുതി കണക്ഷൻ എടുത്തുവെന്നും നിവേദനത്തിൽ പറയുന്നു. എന്നാൽ വാടകയ്ക്ക് എടുത്തയാൾ ലൈസൻസിന് അപേക്ഷിച്ചപ്പോൾ XVI/981, XVI/982 എന്നീ നമ്പറുകൾ അനുവദിച്ചിട്ടില്ലായെന്നും പുതിയ പ്ലാൻ വരച്ച് ഓൺലൈനായി അപേക്ഷ നൽകുവാൻ ആവശ്യപ്പെട്ടുവെന്നും റോഡുകളുടെ വീതി കൂടിയതിനാൽ നിലവിൽ KPBR പ്രകാരം റഗുലറൈസ് ചെയ്യുവാൻ കഴിയുകയില്ലായെന്നും അറിയിച്ചിരിക്കുന്നു.ടി നമ്പറുകൾ 2022-23 ലാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചതെന്നും ടി നമ്പറുകൾ പരാതിക്കാരനല്ല അനുവദിച്ചതെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടി വിഷയം ജില്ലാ സമിതിയുടെ പരിഗണനയ്ക്കായി അയക്കുന്നു.

Ragi

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി - 3
ഇന്റേണൽവിജിലൻസ്ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്,പത്തനംതിട്ട

കോപ്പി

1. സെക്രട്ടറി കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്
2. ശ്രീ സഞ്ജീവ് ഗംഗാധരൻ കലഞ്ഞൂർ